# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.5978

04.11.2016 -ൽ
മറുപടിയ്ക്ക്

## ലോ കോളേജുകളിലെ കോഴ്സുകൾ

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരളത്തിലെ സർക്കാർ ലോ കോളേജുകളിൽ ബി.എ.എൽ.എൽ.ബി (5 years) ബി.ബി.എ,എൽ.എൽ.ബി (5 years), എൽ.എൽ.ബി (3 years) എന്നിവയല്ലാതെ മറ്റേതെങ്കിലും ബിരുദതല കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോയെന്നും ഇപ്രകാരം മറ്റ് കോഴ്സുകൾ അനുവദിക്കുന്നതിൽ തടസ്സമുണ്ടോയെന്നും വ്യക്തമാക്കാമോ; | (എ) എറണാകുളം ലോ കോളേജിൽ 2016-17 അദ്ധ്യായനവർഷം മുതൽ പഞ്ചവൽസര ബി.എ (ക്രിമിനോളജി) എൽ.എൽ.ബിക്ക് പകരം ബി.കോം, എൽ.എൽ.ബി തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. മറ്റ് കോഴ്സുകൾ, 2008-ലെ ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ ലീഗൽ എഡ്യൂക്കേഷൻ റൂൾസിന് വിധേയമായി അനുവദിക്കാൻ തടസ്സമില്ല. |
| (ബി) പ്രസ്തുത കോളേജുകളിൽ നിലവിലുള്ള ബിരുദതല കോഴ്സുകൾക്ക് 2016-17 അധ്യായന വർഷത്തിലേക്ക് നാളിതുവരെ പ്രവേശനം നടത്തിയിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ വിശദവിവരം നൽകുമോ; ആയതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ വിശദമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാർഗ്ഗനിർദ്ദേശങ്ങളുടെയും ബഹു.സുപ്രീം കോടതി വിധിയുടെയും അടിസ്ഥാനത്തിൽ 2016-17 വർഷത്തിൽ എൽ.എൽ.ബി അഡ്മിഷന് പ്രായപരിധി ബാധകമാക്കികൊണ്ട് 21.10.2016 തീയതിയിലെ ജി.ഒ (എം.എസ്) 213/16/ഉ.വി.വ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ബഹു. കേരള ഹൈക്കോടതിയുടെ റിട്ട് ഹർജി നമ്പർ 34237/16, മറ്റ് അനുബന്ധ ഹർജികൾ എന്നിവയിലുള്ള 25.10.2016 തീയതിയിലെ വിധി ന്യായ പ്രകാരം പ്രസ്തുത സർക്കാർ ഉത്തരവ് സ്റ്റേ ചെയ്യുകയുണ്ടായി. ബഹു. ഹൈക്കോടതിയുടെ വിധിപ്രകാരം ഇനിയും കാലതാമസം കൂടാതെ ഈ വർഷത്തെ അഡ്മിഷൻ/ അലോട്ട്മെന്റ് നടപടികൾ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത കോളേജുകളിൽ എൽ.എൽ.എം കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷയും അഡ്മിഷനും അനിശ്ചിതമായി വൈകുന്നതിന്റെ കാരണം വിശദമാക്കുമോ? | (സി) ഇന്റഗ്രേറ്റഡ് പഞ്ചവൽസര/ത്രിവൽസര എൽ.എൽ.ബി. കോഴ്സുകൾ 50% മാർക്കോടുകൂടി പാസ്സായവർക്കും അവസാനവർഷ എൽ.എൽ.ബി പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവർക്കും മാത്രമേ എൽ.എൽ.എം കോഴ്സിലേക്കുള്ള പ്രവേശനപരീക്ഷ എഴുതുവാൻ സാധിക്കുകയുള്ളൂ. ഇന്റഗ്രേറ്റഡ് പഞ്ചവൽസര/ത്രിവൽസര എൽ.എൽ.ബി. അവസാനവർഷ പരീക്ഷ എം.ജി/കാലിക്കറ്റ് സർവ്വകലാശാലകളിൽ ഡിസംബർ മാസത്തിലാണ് നടക്കുന്നത്. ആയതിനാൽ ജനുവരിയോടുകൂടിയാണ് എൽ.എൽ.എം കോഴ്സിലേക്കുള്ള പ്രവേശനപരീക്ഷ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ